23/12/21

04/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


## ഹർജി നമ്പർ **AP No. 251(6)/2021** *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.2836/*എസ്.ഐ.സി–ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീമതി രാഖി പി.**
**1/532 അർച്ചന ഹൗസ്,**
**വിളക്കുതറ പറമ്പ്,**
**പോസ്റ്റ് അഴിഞ്ഞിലം,**
**മലപ്പുറം – 673 632** } **അപ്പീൽ ഹർജിക്കാരി**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **സീനിയർ സൂപ്രണ്ട്,**
   **ഫാറൂക്ക് കോളേജ്,**
   **കോഴിക്കോട്.**
2. **അപ്പീൽ അധികാരി &**
   **പ്രിൻസിപ്പാൾ,**
   **ഫാറൂക്ക് കോളേജ്,**
   **കോഴിക്കോട്.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/12/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/02/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20/02/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22/02/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/04/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 30/11/2021 |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരി<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി രാഖി പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി ടിയാൾ ആവശ്യപ്പെട്ട രേഖകൾ ലഭ്യമല്ല എന്ന മറുപടിയാണ് നൽകിയതെന്നും ടി മറുപടിക്കെതിരെ ടിയാൾ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചെന്നും ആയതിനും സമാന മറുപടിയാണ് ലഭ്യമായതെന്നും ആയതിനാൽ ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ 08.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കോഴിക്കോട് ജില്ലാ സാമൂഹിക നീതി ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് ശ്രീമതി ഷീബ മുംതാസ് എന്നവർ 2019 ൽ അപേക്ഷകയുടെ ജോലി സംബന്ധിച്ച അന്വേഷണത്തിന് കോളേജിൽ വന്നിരുന്നോ എന്നും

2) ഉണ്ടെങ്കിൽ എന്നാണ് വന്നതെന്നും

3) ഫാറൂക്ക് കോളേജിന്റെ പ്രിൻസിപ്പാൾ ആണ് രാഖിയെ നിയമനം നടത്തിയതെന്ന് അവരോട് പറഞ്ഞിട്ടുണ്ടോ എന്നിങ്ങനെ 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ 08.12.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 31.12.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൾ 20.01.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് 15.02.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 30.04.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കാഴ്ച പരിമിതമായ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനവും തൊഴിലധിഷ്ഠിത കോഴ്സുകളും നൽകുന്നതിനായി സ്ഥാപിതമായ കേരളത്തിലെ ടി മേഖലയിലെ ആദ്യ സംരംഭ

മാണ് കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസ് (KSCAT) എന്നും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ (KSCSTE) ഒരു പദ്ധതിയായിട്ടാണ് ഇതിന് അംഗീകാരം കിട്ടിയതെന്നും അതിനു വേണ്ടി 2015 മെയ് മാസത്തിൽ KSCSTE യുമായി ഫാറൂക്ക് കോളേജ് 3 വർഷത്തേക്ക് കരാർ ഒപ്പിട്ടിരുന്നത് 2018 മെയ് മാസത്തിൽ ഒരു വർഷത്തേക്കു കൂടി കൂട്ടിയെന്നും എന്നാൽ 2019 മെയ് 27 ന് പദ്ധതി കാലയളവ് പൂർത്തിയാക്കിയതിനു ശേഷം പദ്ധതിയുടെ മേൽ നോട്ടം വഹിക്കുന്ന ഫാറൂഖ് കോളേജിന് KSCSTE ൽ നിന്ന് യാതൊരു തരത്തിലുള്ള വിവരങ്ങളും ലഭിച്ചില്ലെന്നും പദ്ധതി നടത്തിക്കൊണ്ടു പോകാൻ കോളേജ് പ്രയത്നിക്കുന്നതിനാലും മുൻവർഷത്തെപ്പോലെ പദ്ധതി കാലയളവ് നീട്ടി കിട്ടുമെന്ന് പ്രതീക്ഷിച്ചതിനാലും 2019 സെപ്റ്റംബർ വരെ ജോലി യിൽ തുടരുവാൻ സെന്ററിലെ ജീവനക്കോരോട് നിർദ്ദേശിച്ചിരുന്നതും എന്നാൽ നിലവിലെ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നിർത്തിവയ്ക്കുകയാണെന്നുള്ള അറിയിപ്പ് 2019 സെപ്റ്റംബറിൽ കോളേജിന് ലഭിച്ചെന്നുമാണ്. ശ്രീമതി. രാഖി ഒരു ഫുൾ ടൈം ജീവനക്കാരിയാണെന്ന ടിയാളുടെ വാദം സംബന്ധിച്ചു KSCSTE നൽകിയ വിശദീകരണത്തിൽ ടിയാൾ ഒരു സ്ഥിരം ജീവനക്കാരിയല്ലെന്നും ടിയാളും KSCSTE യും തമ്മിൽ യാതൊരു കരാർ ഉടമ്പടിയും നിലനിൽക്കുന്നി ല്ലെന്ന് KSCSTE രേഖാമൂലം വ്യക്തമാക്കിയെന്നും കോഴിക്കോട് ജില്ലാ സാമൂഹി കനീതി ഓഫീസർ അന്വേഷണം നടത്തിയ റിപ്പോർട്ട് ടി ഓഫീസിൽ ലഭിച്ചിട്ടില്ലാ ത്തതിനാലാണ് രേഖകൾ ലഭ്യമല്ല എന്ന് ഹർജിക്കാരിയെ അറിയിച്ചതെന്നും KSCAT സെന്റർ നടത്തിപ്പുമായി ബന്ധപ്പെട്ട് നിരവധി വിവരാവകാശ അപേക്ഷക ളാണ് ഹർജിക്കാരിയുടെ പേരിലും മറ്റു പേരുകളിലുമായി ടി ഓഫീസിൽ ലഭിക്കു ന്നതെന്നും അത് പോലെ വിവിധ സർക്കാർ, കേന്ദ്ര സർക്കാർ ഓഫീസുകൾ, മറ്റ് ഡിപ്പാർട്ട്മെന്റ് ഏജൻസികൾ, ഹയർ ഓഫീസുകൾ എന്നിവടങ്ങളിലേക്ക് നിര ന്തരം പരാതികൾ അയച്ചുകൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം, DDE അദാലത്ത്, സി.എം. ഓഫീസ് ഇൻസ്പെക്ഷൻ, പ്രൈം മിനി സ്റ്റർ ഗ്രീവിയൻസ് സെൽ തുടങ്ങിയ ഏജൻസികൾ ഇത് സംബന്ധിച്ച് അന്വേ

ഷണം നടത്തി യാതൊരു തരത്തിലുള്ള വീഴ്ചയോ അപാകതയോ നടന്നിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലപേക്ഷയ്ക്കും മറുപടി നൽകിയിരിക്കുന്നതായി കാണുന്നെങ്കിലും ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നും ലഭ്യമാക്കിയതായി കാണുന്നില്ല. 30.11.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. 26.11.2021 തീയതി വച്ച് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത് പ്രസ്തുത വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട് 58 ഓളം കത്തിടപാടുകളിലായി ലഭ്യമായ എല്ലാ വിവരങ്ങളും രേഖകളും ഹർജിക്കാരിക്ക് നൽകിയിട്ടുള്ളതായിട്ടാണ്. 08.12.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് 31.12.2020 ൽ നൽകിയിട്ടുള്ള മറുപടിയും 20.01.2021 ൽ വകുപ്പ് 19(1) പ്രകാരം നൽകിയിട്ടുള്ള അപ്പീലപേക്ഷയ്ക്ക് 15.02.2021 ൽ നൽകിയതായി കാണുന്ന മറുപടിയും വിവരാവകാശ നിയമപ്രകാരം അംഗീകരിക്കുവാൻ കഴിയുന്നതല്ല. എന്തുകൊണ്ടാണ് മറുപടി നൽകാൻ കഴിയാത്തത് എന്ന് ഓരോ ചോദ്യത്തിനും നമ്പറിട്ട് വ്യക്തമായ മറുപടി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം അയച്ചു നൽകേണ്ടതാണ്. അതോടൊപ്പം 30.04.2021, 26.11.2021 തീയതികളിൽ കമ്മീഷനിൽ ഹാജരാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പും അപ്പീൽ ഹർജികക്ഷിയ്ക്ക് നൽകേണ്ടതാണ്. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് എസ്.പി.ഐ.ഒ യുടെ പ്രധാന ചുമതല. കൂടാതെ സാങ്കൽപ്പിക ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, വിവരാവകാശ ഓഫീസരുടെ വ്യക്തിപരമായ അഭിപ്രായം തേടുന്ന ചോദ്യങ്ങൾ തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ ശ്രീമതി. രാഖിയ്ക്ക് ജോലി നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട വിഷയത്തിൽ പരിഹാരം തേടുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് പരാതി നൽകി പരിഹാരം തേടാവുന്നതാണ്.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 4-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm